കേരളസർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ഗ്രാമവികസനം - ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ വണ്ടൂർ ബ്ലോക്കിൽപ്പെട്ട വണ്ടൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തിയിലെ ക്രമക്കേട് - വണ്ടൂർ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ ആയിരുന്ന ശ്രീകെ.ജെ.ലൂയിസ് ജോസഫിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്**

**സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 2626/2014/തസ്വഭവ, തിരുവനന്തപുരം,തീയതി, 13.10.2014**

---

പരാമർശം:-1. വിജലൻസ് ഡയറക്ടറുടെ 04.09.2012 തീയതിയിലെ E10(VE03/2012/MPM) 25117/2012 നമ്പർ കത്ത്.

2. 03.12.2013 തീയതിയിലെ 67876/ഇആർബി1/2013/തസ്വഭവ. നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
3. ശ്രീ.കെ.ജെ.ലൂയിസ് ജോസഫിന്റെ 18.01.2014ലെ പ്രതിവാദപത്രിക.
4. ഗ്രാമവികസന കമ്മീഷണറുടെ 28.03.2014, 12.06.2014 എന്നീ തീയതികളിലെ 26424/എസ്റ്റാഎ4/2013/സിആർഡി നമ്പർ കത്തുകൾ.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ വണ്ടൂർ ബ്ലോക്കിലെ വണ്ടൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തിയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ടി പ്രവൃത്തി നടപ്പിലാക്കുന്നതിനു വേണ്ടി ഗുണഭോക്തൃകമ്മിറ്റി രൂപീകരിച്ചതിനു ശേഷം, ടി കമ്മിറ്റിയെക്കൊണ്ട് പ്രവൃത്തി നടപ്പിലാക്കുന്നതിനു പകരം ബിനാമി കോൺട്രാക്ടർ മുഖാന്തിരം പദ്ധതി നടപ്പിലാക്കുകയും, ജനകീയാസൂത്രണ പദ്ധതിയുടെ ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവൃത്തിയുടെ അഡ്വാൻസ് തുക, പാർട്ട് ബിൽ, ഫൈനൽ ബിൽ എന്നിവ കോൺട്രാക്ടർ ശ്രീ.മോഹനചന്ദ്രന്റെ എസ്.ബി.അക്കൗണ്ടിലേക്ക് അനധികൃതമായി ട്രാൻസ്ഫർ ചെയ്തിട്ടുള്ളതായും വിജിലൻസ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

തുടർന്ന് മേൽക്രമക്കേടുകൾക്ക് ഉത്തരവാദിയായ അന്നത്തെ വണ്ടൂർ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ആയിരുന്ന ശ്രീ.കെ.ജെ.ലൂയിസ് ജോസഫിനെതിരെവകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കാൻ വിജിലൻസ് വകുപ്പ് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ടിയാന് കുറ്റപത്രവും, കുറ്റാരോപണ പത്രികയും നൽകുകയുണ്ടായി.

ടി കുറ്റപത്രത്തിനെതിരെ ശ്രീ.കെ.ജെ.ലൂയിസ് ജോസഫ് പരാമർശം (3) പ്രകാരം സർക്കാരിൽ പ്രതിവാദപത്രിക സമർപ്പിക്കുകയും ചെയ്തു. വണ്ടൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ചുറ്റുമതിൽ അറ്റകുറ്റപ്പണി ഏറ്റെടുക്കുന്നതിനുള്ള ഗുണഭോക്തൃ കമ്മിറ്റി യോഗം ശ്രീ.പി.ശങ്കരൻ, ശ്രീ.ടി.നാരായണൻ എന്നിവരെ യഥാക്രമം കൺവീനറും, ചെയർമാനുമായി തെരഞ്ഞെടുത്തിരുന്നതായും, ഗുണഭോക്തൃ കമ്മിറ്റി നിയമനാസൃതം പ്രവർത്തി ആരംഭിക്കുകയും, നല്ല രീതിയിൽ പൂർത്തീകരിക്കുകയും ചെയ്തതായും, പ്രവർത്തി തൃപ്തികരമായി പൂർത്തീകരിച്ചിരിക്കുന്നതിനാൽ തുക അനുവദിക്കുന്നതിന് മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ, സൈറ്റ് പരിശോധിച്ചപ്പോൾ എസ്റ്റിമേറ്റ് പ്രകാരം പ്രവർത്തി നടന്നതായി ബോദ്ധ്യപ്പെടുകയും, കൺവീനർ ശങ്കരന്റെ പേരിൽ തുക അനുവദിക്കുകയും ചെയ്തതായും, പ്രമാണങ്ങളിലെ തന്റെ ഒപ്പ് കൺവീനർ പി.ശങ്കരൻ വിജിലൻസ് ഉദ്യോഗസ്ഥന്റെ മുന്നിൽ നിഷേധിച്ചത് വസ്തുതാപരമോ അംഗീകരിക്കാവുന്നതോ അല്ലെന്നും, ഗുണഭോക്തൃ കമ്മിറ്റി യോഗത്തിൽ പങ്കെടുത്ത മുഴുവൻ പേരും യോഗവസാനം വരെ ഇരുന്നുകൊള്ളണമെന്ന് ഉദ്യോഗസ്ഥ തലത്തിൽ നിർബന്ധിക്കാനാവില്ലെന്നും, ടി പ്രവർത്തിയിൽ സർക്കാരിന് യാതൊരു സാമ്പത്തിക നഷ്ടം വന്നിട്ടില്ലാത്തതിനാൽ ടിയാനെതിരെയുള്ള ചാർജ്ജുകൾ ഒഴിവാക്കണമെന്നും ശ്രീ.കെ.ജെ.ലൂയിസ് ജോസഫിന്റെ പ്രതിവാദപത്രികയിൽ ബോധിപ്പിച്ചിരിക്കുന്നു.

ശ്രീ.കെ.ജെ.ലൂയിസ് ജോസഫിന്റെ പ്രതിവാദ പത്രികയിന്മേൽ ഗ്രാമവികസന കമ്മീഷണർ പരാമർശം (4) പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 2009-10ലെ ജനകീയാസൂത്രണ പദ്ധതി പ്രകാരം "വണ്ടൂർ സി.എച്ച്.സി.ക്ക് ചുറ്റുമതിലും അറ്റകുറ്റപ്പണിയും " എന്ന പ്രവർത്തിക്ക് 450000/ രൂപ വകയിരുത്തുകയും, ശ്രീ.ശങ്കരൻ, പുളിക്കൽ, വണ്ടൂർ എന്നയാളെ ഗുണഭോക്തൃ സമിതി കൺവീനറായി തെരഞ്ഞെടുക്കുകയും അഡ്വാൻസ് തുകയായ 1,00,000/ രൂപ അടക്കം ഒന്നാകെ 3,79,706/- രൂപ ടിയാൻ കൈപ്പറ്റിയതായും മേൽ തുക ടിയാൻ കൈപ്പറ്റിയിരുന്നതായും പ്രവൃത്തി ചെയ്യുന്നതിന് മറ്റൊരാളെ ഏല്പിച്ചിരുന്നതായും, എഗ്രിമെന്റിലും കൈപ്പറ്റ് രസീതുകളിലും ടിയാൻ തന്നെയാണ് ഒപ്പു വച്ചിട്ടുള്ളതെന്നും ടി മതിലിന്റെ കുറച്ചു ഭാഗം അടർന്നു എന്നത് സംബന്ധിച്ച് വിജിലൻസിൽ പരാതി ലഭിച്ചിരുന്നതിലുള്ള ഭീതിയും ബാഹ്യപ്രേരണകളുമാണ് 19.10.2012ലെ പരാതി നൽകാൻ കാരണമായതെന്നും പരാതിയിൽ പറഞ്ഞീട്ടുള്ള കാര്യങ്ങൾ വാസ്തവ വിരുദ്ധമാണെന്നും ടിയാൻ മൊഴി നൽകിയിട്ടുണ്ടെന്നും, ആ സമയത്ത് മറ്റ് പ്രവൃത്തികളും എറ്റെടുത്തിരുന്നതിനാൽ

തുക ലഭിച്ചിരുന്നതാണോ അല്ലയോ എന്ന സന്ദേഹം കൂടി ഉണ്ടായതു കൊണ്ടാണ് പരാതി നൽകിയതെന്നും ടിയാൻ മൊഴി നൽകിയതായും എ.ഡി.സി.(ജനറൽ), മലപ്പുറം അറിയിച്ചിട്ടുള്ളതായി ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ടി പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ടെന്നും, സർക്കാരിനു മറ്റു സാമ്പത്തിക നഷ്ടം വരുത്തിയിട്ടില്ലെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗുണഭോക്തൃ കമ്മിറ്റി രൂപീകരിച്ചതിന് ശേഷം പ്രസ്തുത പ്രവൃത്തി ടി കമ്മിറ്റിയെക്കൊണ്ട് നടപ്പിലാക്കാതെ പകരം ബിനാമി കോൺട്രാക്ടർ മുഖാന്തിരം ചെയ്തു എന്നത് സംബന്ധിച്ച് ശ്രീ.കെ.ജെ.ലൂയിസ് ജോസഫിന്റെ പ്രതിവാദപത്രികയിൽ ഒന്നും തന്നെ പരാമർശിച്ചിട്ടില്ല. ഇപ്രകാരം പ്രവൃത്തി നടപ്പാക്കിയത് ജനകീയാസൂത്രണ പദ്ധതികളുടെ നടത്തിപ്പിൽ നിഷ്ക്കർഷിച്ചിട്ടുള്ള ചട്ടങ്ങൾക്ക് വിരുദ്ധമാണ്. പ്രസ്തുത സാഹചര്യത്തിൽ വണ്ടൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ നിർമ്മാണ പ്രവൃത്തിയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ശ്രീ.കെ.ജെ.ലൂയിസ് ജോസഫിനെതിരെ സ്വീകരിച്ചിട്ടുള്ള അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് ഒരു വർഷത്തേക്ക് സഞ്ചിത പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.വി.സുധീർ**
**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ.കെ.ജെ.ലൂയിസ് ജോസഫ്, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ,
വണ്ടൂർ ബ്ലോക്ക് (ഗ്രാമവികസന കമ്മീഷണർ മുഖേന).
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള , തിരുവനന്തപുരം
ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
വിജിലൻസ് വകുപ്പ് (Vide letter No.11439/C2/2013/Vig. dated 26.09.2013)
ജലവിഭവ വകുപ്പ് (Vide letter No.6832/A2/2014/WRD, dated 24.03.2014)
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ